# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5682 | 03.11.2016-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പിലാക്കുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. |
| ബി) | പ്രസ്തുത പുനരധിവാസ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | ബി) | 2001 ൽ നിലവിൽ വന്ന ആദിവാസി പുനരധിവാസ വികസന മിഷൻ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കി വരുന്നു.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പ്രക്രിയ തുടരുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായും ടി.ആർ.ഡി.എം. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി.ആർ.ഡി.എം. ശീർഷകത്തിൽ തുക തികയാതെ വരുന്ന സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭവന നിർമ്മാണ, കോർപ്പസ് ഫണ്ട് ശീർഷകങ്ങളിൽ നിന്നും തുക കണ്ടെത്തിയും പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | ഇതിനായി പ്രൊമോട്ടർമാരുടെയും ഊരുകൂട്ടങ്ങളുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | ടി.ആർ.ഡി.എം. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ മിഷനുകൾ പ്രൊമോട്ടർമാരുടെയും ഊരുകൂട്ടങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| ഡി) | ഇവരുടെ പുനരധിവാസത്തിന്റെ ഭാഗമായി ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | ഡി) | ഇവരുടെ പുനരധിവാസത്തിന്റെ ഭാഗമായി ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഗുണഭോക്താക്കൾ തന്നെ കണ്ടെത്തുന്ന ഭൂമി പരിശോധിച്ച് അർഹരായവർക്ക് 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങി നൽകുന്ന പദ്ധതിയാണിത്. 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി മുഖേന 31.03.2016 വരെ 593 പട്ടികവർഗ്ഗക്കാർക്കായി 209.156 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 55,49,38,933/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ